# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2203 — 18.12.2012 ലെ മറുപടിക്ക്

### റെയിൽവേ റിസർവേഷൻ കൗണ്ടർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ. ലതിക : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ റിസർവേഷൻ കൗണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | നോൺ റെയിൽ ഹെഡ് റിസർവേഷൻ സംവിധാനം അനുവദിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡമില്ല. ലോക്സഭാ രാജ്യസഭാ എം.പിമാരുടെ നിർദ്ദേശാനുസരണം അവരുടെ നിയോജകമണ്ഡലത്തിലെ ഒരു സ്ഥലത്ത് നോൺ റെയിൽ ഹെഡ് റിസർവേഷൻ സംവിധാനം ഏർപ്പെടുത്തും. എന്നാൽ അങ്ങനെ ഏർപ്പെടുത്തുന്ന സൗകര്യത്തിന് ആവശ്യമായ സ്ഥലവും, സ്റ്റാഫും സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമോ സൗജന്യമായി നൽകേണ്ടതാണ്. കൂടാതെ കുറഞ്ഞത് 100 ഇടപാടുകളെങ്കിലും നടക്കുന്ന റെയിൽവേ സ്റ്റേഷനുകളിൽ റെയിൽ ഹെഡ് റിസർവേഷൻ സൗകര്യവും ഏർപ്പെടുത്താറുണ്ട്. സംസ്ഥാനത്ത് നിലവിൽ ഹാൾട്ട് സ്റ്റേഷനുകളൊഴികെ മറ്റെല്ലാ സ്റ്റേഷനുകളിലും IUTS (Integrated Unreserved Ticket System) ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം വഴി തിരക്കില്ലാത്ത സമയത്ത് റിസർവേഷൻ ടിക്കറ്റും ലഭിക്കും. |
| (ബി) | മലയോര നഗരമായ കുറ്റ്യാടിയിൽ റെയിൽവേ റിസർവേഷൻ കൗണ്ടർ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ